(ബി) അത് എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1985-ൽ സംസ്ഥാനത്ത് പുതിയ അലോപ്പതി ഡിസ്പെൻസറികൾ സ്ഥാപിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പ്രൈമറി ഹെൽത്ത് സെന്ററുകൾ

35 [40] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള പ്രൈമറി ഹെൽത്തു സെന്ററുകൾ എത്ര ;

(ബി) പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്ത പഞ്ചായത്തുകൾ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 199. ഇതു കൂടാതെ 100 ഗവൺമെന്റു ഡിസ്പെൻസറികളെക്കൂടി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 804.

പൈ കമ്മിറ്റി റിപ്പോർട്ട്

36 [41] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പൈ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞതനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാനുള്ള നടപടി എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പൈ കമ്മിറ്റി ശുപാർശയനുസരിച്ച് താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടില്ല. ഇപ്പോഴുള്ള ജില്ലാ മെഡിക്കൽ സ്റ്റോറുകൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സാമ്പത്തിക ലഭ്യതയനുസരിച്ച് ഘട്ടം ഘട്ടമായി താലൂക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി എടുക്കുന്നതാണ്.

ആരോഗ്യ വകുപ്പിലെ വാഹനങ്ങൾ

37 [42] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ധാരാളം വാഹനങ്ങൾ നന്നാക്കുവാൻ കഴിയാത്തവിധം കേടുപാടുകൾ സംഭവിച്ച് സംസ്ഥാനത്തെ പല സ്ഥാപനങ്ങളുടെ മുൻപിലും കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly